പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5812 02/07/2019-ൽ മറുപടിയ്ക്ക്

## 'ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിലെ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇവർക്ക് അംഗത്വം നൽകി വരുന്നുണ്ട്. പ്രസ്തുത അംഗങ്ങൾക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസവാനുകൂല്യം വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ധനസഹായം, മരണാനന്തരചെലവ്, അബോർഷൻ ആനുകൂല്യം, ചികിത്സാധനസഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.<br>കൂടാതെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവധന സഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ്. കൂടാതെ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിനും പദ്ധതിയിലെ വനിത അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് ധനസഹായമായി 10,000/- രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് |

പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷന് ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷമെങ്കിലും [illegible] പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലിചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50% നു മുകളിലാണെങ്കിൽ അവശതാ പെൻഷനായി പ്രതിമാസം 1,200/- രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. കൂടാതെ പദ്ധതി അംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750/- രൂപ മുതൽ 2,500/- രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കുന്ന വ്യവസ്ഥയിൽ പലിശ രഹിത വായ്പയും അനുവദിക്കുന്നതാണ്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ മുഴുവൻ അംഗങ്ങളേയും പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന (PMJJBY)-യിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി നിരക്കിൽ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ, വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ട വ്യവസ്ഥയിൽ പലിശരഹിതവായ്പ അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**